# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.T 2258 - 05/02/2018 -ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. ഷാഫി പറമ്പിൽ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയനുസരിച്ച് ഇളവിനായി എത്ര കുട്ടികൾ അപേക്ഷ നൽകിയിട്ടുണ്ട്; | പ്രസ്തുത പദ്ധതി ഈ സർക്കാർ ആരംഭിച്ചതാണ്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയനുസരിച്ച് elrs.kerala.gov.in എന്ന പോർട്ടൽ വഴി 30.01.2018 വരെ 72067 പേർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| ബി | പ്രസ്തുത കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിൽപ്പെട്ട എത്ര കുട്ടികൾക്ക് ഈ പദ്ധതിയനുസരിച്ച് ആനുകൂല്യം നൽകിയിട്ടുണ്ട്; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന തിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്നത് 31.01.2018 ആണ്. ഇതിനകം ലഭിച്ച അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായ ത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചു വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക കണക്കാക്കിയ ശേഷം അനുവദിക്കുന്നതാണ്. സർക്കാർ വിഹിതം ബാങ്കുകൾക്കാണ് നൽകുന്നത്. |
| സി | പദ്ധതി പ്രകാരം ആർക്കും ഇതു വരെ ആനുകൂല്യം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; | |
| ഡി | പദ്ധതിയ്ക്ക് വേണ്ടിയുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എവിടെ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനായി 2202-03-001-88 (P-V) എന്ന ശീർഷകത്തിനു കീഴിൽ ടോക്കൺ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലെയിമുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് അധിക അനുമതി വഴിയോ ഉപ ധനാഭ്യർത്ഥന വഴിയോ തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ